തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

(ഹാജർ: ബി.സുനിൽകുമാർ)

സംഗ്രഹം

കൊല്ലവർഷം 1202 - 1203 കാലയളവിലെ ശബരിമല, മാളികപ്പുറം ദേവസ്വങ്ങളിലെ മേൽശാന്തി നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.28/26/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
29/10/2026

സൂചന:- 1. ഈ ആഫീസിലെ 15/10/2026-ലെ മേൽ നമ്പർ നടപടി ഉത്തരവ്.
2. ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ 21/10/2026-ലെ EOP.920/26/SAB നമ്പർ റിപ്പോർട്ട്.

ഉത്തരവ്

1202 ME വൃശ്ചികം 1 മുതൽ 1203 ME തുലാം 30 വരെയുള്ള കാലയളവിലേയ്ക്ക് ശബരിമല, മാളികപ്പുറം ദേവസ്വങ്ങളിലെ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനായി 18/10/2026-ന് യഥാക്രമം ശബരിമല ക്ഷേത്രസന്നിധിയിലും മാളികപ്പുറം ക്ഷേത്ര സന്നിധിയിലും വെച്ച് നടത്തിയ നറുക്കെടുപ്പിൽ ശബരിമല ദേവസ്വം മേൽശാന്തിയായി ശ്രീ.അരീക്കര സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി (അരീക്കര ഇല്ലം, സി-4, പി.ആർ.എസ് കൃഷ്ണ, അംബുജവിലാസം റോഡ്, പുളിമൂട്, തിരുവനന്തപുരം 695001), മാളികപ്പുറം ദേവസ്വം മേൽശാന്തിയായി ശ്രീ.ദാമോദരൻ നമ്പൂതിരി.എ (ആയടത്തില്ലം, 477/20, മണിയൂർ പഞ്ചായത്ത്, വടകര, കോഴിക്കോട്, പാലയാട് നട, 673521) എന്നിവരെ തെരഞ്ഞെടുക്കുകയുണ്ടായി.

ആകയാൽ ശ്രീ.അരീക്കര സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി, ശ്രീ.ദാമോദരൻ നമ്പൂതിരി.എ എന്നിവരെ 1202 ME വൃശ്ചികം 1 മുതൽ 1203 ME തുലാം 30 വരെ യഥാക്രമം ശബരിമല, മാളികപ്പുറം മേൽശാന്തിമാരായി നിയമിച്ച് ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
6. ശ്രീ.അരീക്കര സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി (അരീക്കര ഇല്ലം,സി-4, പി.ആർ.എസ് കൃഷ്ണ, അംബുജവിലാസം റോഡ്, പുളിമൂട്, തിരുവനന്തപുരം 695001)
7. ശ്രീ.ദാമോദരൻ നമ്പൂതിരി.എ (ആയടത്തില്ലം, 477/20, മണിയൂർ പഞ്ചായത്ത്, വടകര, കോഴിക്കോട്, പാലയാട് നട, 673521)
8. ഐ.റ്റി സെക്ഷൻ
9. സെക്ഷൻ ഫയൽ

AR.29/10